പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2096 26.03.2013 -ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. യിലെ ടിക്കറ്റിതരവരുമാനം വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. പി. അയിഷാപോറ്റി | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി. യിൽ നില വിലെ ടിക്കറ്റിതര വരുമാന മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ; | (എ) | സ്ക്രാപ്പ് ചെയ്ത ബസ്സുകൾ, മെറ്റീരിയൽസ്, ബാറ്ററി, ടയർ മുതലായവ വിൽക്കുന്നതിലൂടെയും വാടകയിന ത്തിലും, പരസ്യങ്ങൾ പതിക്കാനുള്ള അനുവാദം നൽകുന്നതിലൂടെയും കെ.എസ്.ആർ.ടി.സി ടിക്കറ്റിതര വരു മാനം ലക്ഷ്യമിടുന്നു. കോർപ്പറേഷന്റെ അധീനതയിലുള്ള വാണിജ്യ പ്രാധാ ന്യമുള്ള സ്ഥലങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | പ്രസ്തുതവരുമാനമാർഗ്ഗങ്ങൾ വഴി എത്ര തുക സമാഹരിക്കാൻ കഴി യുന്നുവെന്നു വിശദമാക്കുമോ; | (ബി) | പ്രസ്തുത വരുമാന മാർഗ്ഗങ്ങൾ വഴി 2012-13 കാലയളവിൽ 6,97,05,348/-- രൂപ ലഭിച്ചിട്ടുണ്ട്. . |
| (സി) | കെ.എസ്.ആർ.റ്റി.സി. യിൽ ടിക്ക റ്റിതരവരുമാനമാർഗ്ഗങ്ങൾ വർദ്ധി പ്പിക്കുന്നതിനായി പുതിയതായി എന്തെല്ലാം നടപടികൾ കൈക്കൊ ള്ളുമെന്ന വിവരങ്ങൾ വെളിപ്പെടു ത്തുമോ? | (സി) | കൂടുതൽ വരുമാനം ലഭിയ്ക്കുന്നതിനും, നടപടികൾ സുതാര്യമാക്കുന്നതിനും വേണ്ടി ഇന്ത്യാ ഗവൺമെന്റ് സ്ഥാപ നമായ MSTC (Metal Scrap trading Corporation) മുഖേനയാണ് സ്ക്രാപ്പ് ചെയ്ത ബസ്സുകൾ, മെറ്റീരിയൽസ്, ബാറ്ററി, ടയർ മുതലായവ വിൽക്കു ന്നത്.<br><br>കെ.എസ്.ആർ.ടി.സി. വാണിജ്യ പ്രാധാന്യമുള്ള സ്ഥലങ്ങളിൽ ഷോപ്പിം ഗ് കോംപ്ലക്സുകൾ നിർമ്മിക്കുവാൻ പദ്ധതി തയ്യാറാക്കി വരുന്നു. ചില സ്ഥല ങ്ങളിൽ പണി പുരോഗതിയിലാണ്. |

സെക്ഷൻ ഓഫീസർ